പത്രക്കുറിപ്പ്

# യുവാക്കളെ ആക്രമിച്ച് സ്കൂട്ടർ പിടിച്ചു പറിച്ചെടുത്ത പ്രതികൾ പിടിയിൽ

തിരുവനന്തപുരം : വിഴിഞ്ഞം അടിമലത്തുറയിൽ യുവാക്കളെ ആക്രമിച്ച് ഒരു ബൈക്ക് അടിച്ചു തകർക്കുകയും, സ്കൂട്ടർ പിടിച്ചു പറിച്ചെടുത്ത് കൊണ്ടു പോകുകയും ചെയ്ത പ്രതികളെ പോലീസ് പിടികൂടിയതായി ഐ.ജി.പി യും സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. അടിമലത്തുറ സ്വദേശികളായ അരുൺ (29), ഫൈസൽ (35) എന്നിവരെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.



അരുൺ (29)



ഫൈസൽ (35)

22 ന് പുലർച്ചെ 2 മണിക്കാണ് സംഭവം നടന്നത്. അടിമലത്തുറ ബീച്ച് ഭാഗത്ത് ഓണത്തോടനുബന്ധിച്ച് ഒരുക്കിയിരുന്ന ദീപാലങ്കാരം കാണാനെത്തിയ ചായ്ക്കോട്ടുകോണം സ്വദേശികളായ പ്രജീഷ്, കുഞ്ഞുമോൻ, സജിൻ എന്നിവരാണ് ആക്രമണത്തിനിരയായത്. യുവാക്കളുമായി വാക്കുതർക്കത്തിലേർപ്പെട്ട പ്രതികൾ യുവാക്കളെ മർദ്ദിക്കുകയും അവർ സഞ്ചരിച്ചുവന്ന വാഹനങ്ങളായ പാഷൻ പ്ലസ് ബൈക്ക് അടിച്ചു തകർക്കുകയും, ഡിയോ സ്കൂട്ടർ ബലം പ്രയോഗിച്ച് പിടിച്ചു

വാങ്ങിയെടുത്തു കൊണ്ട് പോകുകയുമായിരുന്നു. സംഭവസ്ഥലത്തു നിന്നും ഓടി രക്ഷപ്പെട്ട യുവാക്കൾ ആശുപത്രിയിൽ ചികിത്സ തേടിയ ശേഷം നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം എസ്.എച്ച്. ഒ പ്രജീഷ് ശശി, എസ്.ഐ മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ മാരായ അജികുമാർ, കൃഷ്ണകുമാർ, സതീശൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി, ഒളിവിലായിരുന്ന പ്രതികളെ ഇന്നലെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
24-08-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

**പബ്ലിക് റിലേഷൻസ് ഓഫീസർ**
**തിരുവനന്തപുരം സിറ്റി**